(സി) ഓഡിറ്റ് നടത്തുന്നതിന് അടിസ്ഥാനമായ ആക്ടിന്റേയും റൂളിന്റേയും കോപ്പികൾ ലഭ്യമാക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ;

(ഡി) തദ്ദേശ സ്വയംഭരണ വകുപ്പിൽനിന്നും എത്ര ജീവനക്കാരെ പെർഫോമൻസ് ഓഡിറ്റിനുവേണ്ടി മാറ്റി നിയോഗിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) അധികാര വികേന്ദ്രീകരണം ശക്തിപ്പെടുത്തിയതിന്റെ ഭാഗമായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് 1997-98 മുതൽ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി വർദ്ധിച്ച തോതിൽ അനുവദിച്ച ഫണ്ട് ശരിയായ രീതിയിൽ വിനിയോഗിക്കുന്നുണ്ടോ എന്ന് പരിശോധിക്കുക, പദ്ധതി നിർവ്വഹണത്തിലുണ്ടാകുവാൻ സാദ്ധ്യതയുള്ള കുറ്റങ്ങളും കുറവുകളും അപ്പോഴപ്പോൾ കണ്ടെത്തി പരിഹരിക്കുക, പദ്ധതി നിർവ്വഹണം സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾക്കും ചട്ടങ്ങൾക്കും അനുസൃതമാണോയെന്ന് ഉറപ്പുവരുത്താനുള്ള കൺകറന്റ് ആന്റ് കറക്ടീവ് ആഡിറ്റ് സമ്പ്രദായമാണ് പെർഫോമൻസ് ആഡിറ്റ്.

(ബി) ക്രമക്കേടുകളിൻമേൽ നടപടി സ്വീകരിക്കുവാൻ ബന്ധപ്പെട്ട വകുപ്പുകൾക്ക് നിർദ്ദേശം നൽകുക, ക്രമക്കേടുകളുടെ സ്വഭാവമനുസരിച്ച് ഓംബുഡ്സ്മാൻ, വിജിലൻസ് തുടങ്ങിയ ഏജൻസികളുടെ അന്വേഷണത്തിന് ശുപാർശ ചെയ്യുക തുടങ്ങിയ നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) കോപ്പികൾ അനുബന്ധമായി വച്ചിട്ടുണ്ട്. †

(ഡി) തദ്ദേശ സ്വയംഭരണ വകുപ്പിൽ നിന്നും 750 ഉദ്യോഗസ്ഥരെ പെർഫോമൻസ് ഓഡിറ്റിനുവേണ്ടി മാറ്റി നിയോഗിച്ചിട്ടുണ്ട്.

നിയന്ത്രണ മേഖലയിൽ വികസന ആവശ്യത്തിനായി ഭൂമി ഏറ്റെടുക്കാൻ നടപടി

103 [5248] ശ്രീ. കെ. മോഹൻകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1976 ഒക്ടോബർ 27-ന് തദ്ദേശ ഭരണ വകുപ്പ് പുറപ്പെടുവിച്ച എസ്.ആർ.ഒ. 1119 നടപ്പിലായത് എന്നുമുതലാണെന്ന് വെളിപ്പെടുത്തുമോ;

(ബി) പ്രസ്തുത നോട്ടിഫിക്കേഷൻ പ്രകാരം തലസ്ഥാന പ്രദേശത്തെ എത്ര ഏക്കർ ഭൂമി നിയന്ത്രിത മേഖലയിൽ ഉൾപ്പെടുത്തിയെന്ന് വ്യക്തമാക്കുമോ;

(സി) 1980 ജനുവരിക്കുശേഷം നിയന്ത്രണത്തിൽനിന്ന് പ്രത്യേക ഇളവ് എത്ര പേർക്ക് അനുവദിച്ചുവെന്ന് വ്യക്തമാക്കുമോ;

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ഇതുപ്രകാരം എത്ര സെന്റ് ഭൂമി കൈമാറ്റം ചെയ്യപ്പെട്ടു എന്ന് വ്യക്തമാക്കുമോ;

(ഇ) നിയന്ത്രണമേഖലയിൽ നിർദ്ദിഷ്ട വികസന ആവശ്യത്തിനായി ഇനിയും എത്ര ഏക്കർ ഭൂമി വേണ്ടിവരുമെന്ന് കണക്കാക്കിയിട്ടുണ്ടോ;

(എഫ്) അത്യാവശ്യമില്ലാത്ത ഭൂമി നിയന്ത്രണ പരിധിയിൽ നിന്നും ഒഴിവാക്കാൻ നിർദ്ദേശിക്കുമോ;

(ജി) അവശ്യംവേണ്ട ഭൂമി മതിയായ നഷ്ടപരിഹാരം നൽകി ഏറ്റെടുക്കാൻ നിർദ്ദേശിക്കുമോ?

ഉത്തരം

(എ) 27-10-1976 മുതൽ.

(ബി) തിരുവനന്തപുരം മെഡിക്കൽകോളേജ് ഏരിയ വികസന പദ്ധതിപ്രകാരം 2.5 ചതുരശ്ര മൈൽ പ്രദേശം ഉൾപ്പെടുന്നു.

(സി, ഡി) വിവരം ശേഖരിച്ചുവരുന്നു.

(ഇ) വിവിധ വികസന ആവശ്യങ്ങൾ പരിഗണിച്ച് പദ്ധതി പുതുക്കി കൊണ്ടിരിക്കുകയാണ്. ഇത് പൂർണ്ണമാകുമ്പോൾ മാത്രമേ എത്ര ഏക്കർ ഭൂമി വേണ്ടിവരുമെന്ന് കണക്കാക്കാൻ സാധിക്കുകയുള്ളൂ.

(എഫ്) ഇക്കാര്യം പദ്ധതി പരിഷ്കരണം പൂർണ്ണമായാലേ പരിഗണിക്കാൻ കഴിയുകയുള്ളൂ.

(ജി) പദ്ധതി പരിഷ്ക്കരണം പൂർത്തിയായി അംഗീകാരം കിട്ടുന്ന മുറയ്ക്ക് നഷ്ട പരിഹാരം നൽകി ഭൂമി ഏറ്റെടുക്കുന്നതാണ്.

ജനന-മരണ വിവാഹ രജിസ്ട്രേഷനുകൾ നടത്തുന്നതിന് അദാലത്തുകൾ

104 [5249] ശ്രീമതി പി. കെ. ശ്രീമതിടീച്ചർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജനന-മരണ രജിസ്ട്രേഷനുകൾ എത്ര കാലയളവിനുള്ളിൽ നടത്തണം എന്നാണ് വ്യവസ്ഥ ചെയ്തിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) യഥാസമയം രജിസ്റ്റർ ചെയ്യാൻ കഴിയാത്തവർക്ക് ജനന മരണ രജിസ്ട്രേഷനുകൾ നടത്തുവാൻ എന്തു വ്യവസ്ഥയാണ് നിലവിലുള്ളത്;

(സി) വിവാഹ രജിസ്ട്രേഷനുകൾ നടത്തുവാൻ എന്തു വ്യവസ്ഥയാണ് നിലവിലുള്ളത്;

LIBRARY ARCHIVES Kerala Legislative Assembly